പാലങ്ങളുടെ നിർമ്മാണം പൂർണ്ണമായി നബാർഡിനെ ഏൽപിക്കുന്ന നടപടി

64 [616] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാലങ്ങളുടെ നിർമ്മാണം പൂർണ്ണമായി നബാർഡിനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം എത്ര പാലങ്ങളുടെ നിർമ്മാണം നബാർഡിനെ ഏൽപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ പാലങ്ങളുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) 233 പാലങ്ങൾ നബാർഡിനെ ഏൽപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല.

അത്തോളി കുനീകടവ് പാലത്തിന്റെ അപ്രോച്ച് റോഡ്

65 [617] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി കുനീകടവ് പാലം തുറന്നുകൊടുത്തു വെങ്കിലും റോഡിന്റെ വീതി കുറവ് കാരണം ബസ്സ് റൂട്ട് അനുവദിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) റോഡിന് വീതി കൂട്ടുന്നതിനായി ലാന്റ് അക്വിസിഷൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിന് 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly